# പ്രാർത്ഥന!

## തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി

**ദൈ**വവിശ്വാസികളായ വായനക്കാരുടെ ശ്രദ്ധയ്ക്കുവേണ്ടി കുറിച്ചതാണ് ഈ ലേഖനം. ദൈവവിരോധികളായ വായനക്കാർ ഇത് വായിച്ച് ആത്മരോഷം കൊള്ളേണ്ട കാര്യമില്ലെന്ന് പ്രാരംഭത്തിൽ തന്നെ ഞാൻ അറിയിച്ചുകൊള്ളട്ടെ.

ആത്മീയജീവിതത്തിലെ അതിപ്രധാനമായ കാര്യം പ്രാർത്ഥനയാകുന്നു. അതിന്റെ ഓജസ്സും തേജസ്സും ശക്തിയും പ്രാർത്ഥനയാകുന്നു. ജോൺ വെസ്ലി ഒരിക്കൽ പറഞ്ഞു. "എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രാർത്ഥനയാകുന്നു. പ്രാർത്ഥനയിൽ ഉദാസീനത കാണിച്ചാൽ എന്നിലുള്ള ദൈവാഗ്നി ഏറെയായി നഷ്ടപ്പെട്ടുപോകുന്നു" എന്ന്.

എന്താണ് പ്രാർത്ഥന? അത് വെറുമൊരു മതാചാരമോ? മനുഷ്യനും ദൈവവുമായിട്ടുള്ള സംസർഗ്ഗമാകുന്നു പ്രാർത്ഥന. പ്രാർത്ഥനയല്ലാതെ ദൈവത്തോട് ബന്ധപ്പെടുവാൻ മനുഷ്യർക്ക് മറ്റ് യാതൊരു മാധ്യമങ്ങളുമില്ല. പ്രാർത്ഥനയിലൂടെ ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്താണ്? നമ്മുടെ പ്രശ്നങ്ങളും ദുഃഖങ്ങളും ആവശ്യങ്ങളുമൊക്കെ ദൈവമുമ്പാകെ സമർപ്പിച്ച് അവനോട് സഹായം യാചിക്കുന്നതോടൊപ്പം ദൈവത്തോടുള്ള നമ്മുടെ നന്ദിയും സ്നേഹവും ഭക്തിയും സ്തുതികളുമൊക്കെ പ്രകടിപ്പിക്കുക കൂടി ചെയ്യുന്നതാകുന്നു പ്രാർത്ഥന. ദൈവം മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചതിന്റെ അതിപ്രധാനമായ ഉദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കണമെന്നുള്ളതാകുന്നു. 'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വീൻ' എന്നാണ് ദൈവം നമ്മോട് കൽപ്പിക്കുന്നത്. (1 കൊരി. 10:31). ഡിക് ഈസ്റ്റുമാൻ പ്രാർത്ഥനയെ ആത്മീയ ജീവിതത്തിന്റെ ശ്വാസോച്ഛ്വാസമായിട്ടാകുന്നു ഉപമിച്ചിരിക്കുന്നത്. പ്രാർത്ഥന കൂടാതെയുള്ള ദൈവവിശ്വാസവും ആത്മീയ ജീവിതവും നിർജ്ജീവവും നിരർത്ഥകവുമാകുന്നു. നമ്മുടെ ആത്മീയ ജീവിതത്തിൽ ഇന്ന് പ്രാർത്ഥനയ്ക്കുള്ള സ്ഥാനം എന്ത്? യഥാർത്ഥത്തിൽ ഉടയവനായ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടുതന്നെയാണ് നാം ഇന്ന് ജീവിക്കുന്നത്? രാവിലെ നാം എഴുന്നേൽക്കുന്നത്?

ദൈവവിശ്വാസികളായ അധികം ക്രിസ്ത്യാനികളും ഇന്ന് പ്രാർത്ഥിക്കുന്നില്ല എന്നുള്ളതാണ് സത്യം. മലയാളികളുൾപ്പെടെ അമേരിക്കയിൽ ജീവിക്കുന്ന അനേകായിരങ്ങൾക്ക് ദൈവത്തെ വിളിക്കുവാനും ഓർക്കുവാനും സമയം ഇല്ല. സിനിമ കാണാനും, ഇന്റർനെറ്റിന്റെ മുമ്പിൽ ഇരിക്കുവാനും, കൂട്ടുകാരുമായി കുടിച്ചുല്ലസിക്കുവാനും മറ്റു വിനോദങ്ങളിൽ ഏർപ്പെടുവാനും അവർക്ക് ധാരാളം സമയമുണ്ട്. പക്ഷേ, അനുഭവിക്കുന്ന നന്മകൾക്ക് നന്ദി പറഞ്ഞുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ 5 മിനിറ്റ് പോലും ചിലവഴിക്കുവാൻ ഇന്ന് മനുഷ്യന് സമയം ഇല്ല!

ധനസമൃദ്ധി കൊണ്ടും ബുദ്ധിശക്തി കൊണ്ടും ജീവിതത്തെ ധന്യവും സാർത്ഥകവും സന്തുഷ്ടപൂർണ്ണവുമാക്കി തീർക്കാമെന്ന് വിശ്വസിച്ചിരുന്ന എത്രയോ നല്ല മനുഷ്യർ നമ്മുടെ കൺമുമ്പിൽ തന്നെ തകർന്നുപോയിട്ടില്ലേ? നമ്മുടെ പ്രിയപ്പെട്ടവർക്ക് രക്ഷപ്പെടാൻ കഴിയാത്ത ഒരു മാരകരോഗം പിടിപ്പെട്ടാൽ നാം തകർന്നു പോകയില്ലേ? പല പ്രിയപ്പെട്ടവരുടേയും സ്നേഹിതന്മാരുടേയും ഈ ദൃശ്യമായ ജീവിതദുർഭാഗ്യങ്ങളും ദുഃഖങ്ങളും എന്നെയും തകർത്തുകളഞ്ഞിട്ട്. അമേരിക്കയിലുണ്ടായിരുന്ന എന്റെ ഒരാത്മ സ്നേഹിതൻ വേദന കൊണ്ട് പുളഞ്ഞുകൊണ്ട് ടെലഫോണിൽ എന്നോടു പറഞ്ഞു സ്നേഹിതാ ശത്രുവിനു പോലും ഈ രോഗം വരുത്തരുതേ എന്ന് ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു എന്ന്. ആർക്കും രക്ഷിക്കുവാനോ സഹായിക്കുവാനോ ആശ്വസിപ്പിക്കുവാനോ കഴിയാത്ത ഈ നിസ്സഹായാവസ്ഥ എത്ര ദയനീയവും നിരാശാജനകവു

മാകുന്നു! വലിയ മതഭക്തനൊന്നും അല്ലായിരുന്ന ന്യൂയോർക്കിൽ ജീവിച്ചിരുന്ന 85 വയസ്സിലധികം പ്രായമുണ്ടായിരുന്ന സത്യസന്ധസന്ധനായിരുന്ന മറ്റൊരു സ്നേഹിതൻ ഒരിക്കൽ ടെലഫോണിൽ വിശേഷങ്ങൾ പറഞ്ഞ കൂട്ടത്തിൽ എന്നോട് ഇങ്ങനെ പറഞ്ഞു. ‘ഫിലിപ്പേ ഞാൻ ഈ പ്രായത്തിലും തനിയേ കാർ ഓടിക്കന്നു. കടകളിൽ പോയി സാധനങ്ങൾ വാങ്ങി മടങ്ങി വീട്ടിലെത്തുന്നു. സ്റ്റെപ്പുകൾ കയറുന്നു. അടുക്കളയിൽ കയറി കുക്ക് ചെയ്യുന്നു, വായിക്കുന്നു, എഴുതുന്നു, ടെന്നീസ് കളിയും സിനിമയും കാണുന്നു. എല്ലാ ഞായറാഴ്ചയും പള്ളിയിലും പോകുന്നു. പറയത്തക്ക വലിയ രോഗങ്ങളൊന്നും ഇതുവരെ എനിക്കില്ല. ഞാൻ ഇതിനെയാണ് ദൈവകൃപയെന്ന് പറയുന്നത്. എത്ര പ്രത്യാശാനിർഭരമായ വാക്കുകൾ! ബലം നൽകുന്ന, നേരിന്റെയും നന്മയുടെയും ശബ്ദം!

പ്രാർത്ഥനയാണ് ഇവിടെ എന്റെ പ്രതിപാദ്യവിഷയം. മറ്റെന്തിനെക്കാളും ഉപരിയായും ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ഇഹലോകജീവിതത്തിൽ അതിപ്രധാനമായൊരു സ്ഥാനം പ്രാർത്ഥനയ്ക്ക് ഉണ്ടായിരുന്നു. ലൂക്കോസിന്റെ സുവിശേഷം 22-ാം അദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു. ‘താൻ അവരെ വിട്ട് ഒരു കല്ലേറു ദൂരത്തോളം മാറിപ്പോയി മുട്ടുകുത്തി. പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പു നിലത്തുവീഴുന്ന വലിയ ചോരത്തുള്ളി പോലെ ആയി’. യേശുവിന്റെ ക്രൂശുമരണത്തിനു മുൻപുള്ള അതിശക്തമായ അവന്റെ പ്രാർത്ഥനയായിരുന്നു ഇത്. ഇന്നത്തെ അധികം സുറിയാനി ക്രിസ്ത്യാനികളും കസേരകളിലോ സോഫാകളിലോ കാലിൻമേൽ കാലും വെച്ച് ഇരുന്നാണ് ‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ എന്നെയും അനുഗ്രഹിക്കണമേ’ എന്ന് പ്രാർത്ഥിക്കുന്നത്!

പ്രഗത്ഭരും പ്രതിഭാശാലികളുമായിരുന്ന പല മഹാത്മാക്കളും പ്രാർത്ഥനയുടെ മധുരഫലങ്ങൾ അനുഭവിച്ചിട്ടുള്ളവരാകുന്നു. പ്രാർത്ഥന ഏത് ആപത്തിലും രോഗത്തിലും പറ്റിയ പ്രതിവിധിയാണെന്ന് വില്യം ഗോജ് പറഞ്ഞു. ‘എനിക്ക് മറ്റെങ്ങും പോകുവാൻ ഇടമില്ലെന്ന് പൂർണ്ണബോധ്യം വരുമ്പോൾ ഞാൻ മുട്ടിന്മേൽ വീഴാറുണ്ടെ’ന്ന് ഏബ്രഹാം ലിങ്കൺ ഒരിക്കൽ പറഞ്ഞു. ‘ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ചു കരയും; അവൻ എന്റെ പ്രാർത്ഥന കേൾക്കും’ എന്ന് ദാവീദ് രാജാവ് പറഞ്ഞു’. താൻ മുമ്പേ ചെയ്തു വന്നതുപോലെ ദിവസം മൂന്നു പ്രാവിശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു എന്ന് ദാനിയേലും പ്രസ്താവിച്ചു. മുസ്ലീംങ്ങൾ ദിവസം 5 പ്രാവശ്യം മുട്ടുകുത്തി ശിരസ്സ് നിലത്തു മുട്ടിച്ച് അള്ളാവിനെ സ്തുതിച്ച് മഹത്വപ്പെടുത്തുന്നു. മുട്ടുകുത്തി വിനയപുരസ്സം ഇങ്ങനെയാണ് നാം പ്രാർത്ഥിക്കേണ്ടത്.

ദൈവം പ്രാർത്ഥന കേൾക്കുന്നവനും ഇത്തരം നൽകുന്നവനുമാകുന്നു. ഇല്ലെങ്കിൽ നമ്മുടെ പ്രാർത്ഥന കൊണ്ട് യാതൊരു പ്രയോജനവുമില്ല. ദൈവത്തെയും മമ്മോനെയും ഒരുപോലെ സേവിച്ചുകൊണ്ടുള്ള ആരുടെയും പ്രാർത്ഥന ദൈവം കേൾക്കയില്ല. ആത്മീയലോകം ഇന്ന് ഇങ്ങനെയുള്ള കള്ളന്മാരയും തട്ടിപ്പുകാരെയും ജഢമോഹികളെയും ദ്രവ്യാഗ്രഹികളെയും കൊണ്ട് നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ മഹത്വത്തിനോ, വിശുദ്ധിക്കോ, നീതിക്കോ പ്രാർത്ഥനയുടെ ശക്തിക്കോ യാതൊരു കുറവും കോട്ടവും സംഭവിച്ചിട്ടുമില്ല.

അത്ഭുത ശക്തിയുള്ള ഒരായുധമാകുന്നു പ്രാർത്ഥന! ആറ്റമിക് എനേർജിയേക്കാൾ വലിയ ശക്തി പ്രാർത്ഥനയ്ക്കുണ്ടെന്ന് സുപ്രസിദ്ധ ഗ്രന്ഥകാരനായിരുന്ന Norman Vincent Peale തന്റെ ഒരു ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും, നമ്മുടെ ന്യായമായ ആവശ്യങ്ങളും അഭിലാഷങ്ങളും സാധ്യമാക്കി തീർക്കുവാനും ആപത്തനർത്ഥങ്ങളിൽ നിന്നും

രോഗദുഃഖങ്ങളിൽ നിന്നും വിടുതൽ പ്രാപിപ്പാനും ഏത് ജീവിതരംഗത്തും വിജയം കൈവരിക്കാനും പ്രാർത്ഥന പോലെ ഉപകരിക്കുന്ന മറ്റൊരു ശക്തിയും ലോകത്തിൽ ഇല്ല. 'More things are wrought by prayer than this world dreams of'. (ഈ ലോകം സ്വപ്നം കാണുന്നതിനേക്കാൾ അധികം കാര്യങ്ങൾ പ്രാർത്ഥനയാൽ സാധിക്കുന്നു) എന്ന് ടെന്നിസൺ പ്രഭു പ്രാർത്ഥന എന്ന തന്റെ കവിതയിൽ പറഞ്ഞിരിക്കുന്നു.

പ്രാർത്ഥനയുടെ അത്ഭുതശക്തിയെ വിവരിക്കുന്ന നിരവധി സംഭവങ്ങൾ ബൈബിളിലുണ്ട്; വിസ്താരഭയത്താൽ അവയിൽ ചിലതുമാത്രം ചുരുക്കമായിട്ട് ഇവിടെ കുറിക്കട്ടെ. തന്റെ പ്രിയ സ്നേഹിതൻ ലാസറിന്റെ മരണത്തിൽ യേശു കണ്ണുനീര് വാർത്തു. മരിച്ച് അടക്കപ്പെട്ട് 4 ദിവസമായ അവനു വേണ്ടി യേശു കല്ലറ മുമ്പിലെത്തി, ലാസറേ പുറത്തുവരികയെന്നവൻ ഉള്ളം നൊന്ത് ഉറക്കെ വിളിച്ചുപ്രാർത്ഥിച്ചു. മരിച്ചവൻ പുറത്തുവന്നു. (യോഹ. 11). മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം! 'യഹോവേ എനിക്കുത്തരമരുളേണമേ' എന്ന് ഏലിയാവ് പ്രാർത്ഥിച്ചു. ഉടനെ യവോഹയുടെ തീ ഇറങ്ങി ഹോമയാഗവും തോട്ടിലെ വെള്ളവും വറ്റിച്ചു കളഞ്ഞു. (1 രാജാ 18).

മനോഹരങ്ങളായ രണ്ട് പ്രാർത്ഥനകൾ കൂടി ഉദ്ധരിച്ചുകൊണ്ട് ഇതിവിടെ ഞാൻ ഉപസംഹരിക്കുകയാണ്. പുരാണത്തിലെ പ്രഹ്ലാദന് ഒരിക്കൽ ഭഗവാൻ പ്രത്യക്ഷപ്പെട്ട് ഒരു വരം ചോദിക്കാൻ അനുവാദം കൊടുത്തു. 'എന്നെ ഉപദ്രവിച്ചിട്ടുള്ള ശത്രുക്കൾക്കാർക്കും ഒരു ദോഷവും വരുത്തരുതേ'. പ്രഹ്ലാദന് ഈശ്വരനോടുള്ള പ്രാർത്ഥന ഇതായിരുന്നു. എത്ര മനോഹരമായ പ്രാർത്ഥന! സാക്ഷാൽ ഈശ്വരസത്ത ഇതല്ലേ? ഇന്നത്തെ അവസ്ഥയോ? ധർമ്മരാജ്യമായ ഇന്ത്യയിലെ മതഭക്തന്മാരുടെ ഇന്നത്തെ ജീവിദർശനത്തിൽ പരപീഢനവും ജാതിയുടെയും മതത്തിന്റെയും പശുവിന്റെയുമൊക്കെ പേരിലുള്ള കൊലകൾ പോലും പാപമല്ലാതായിരിക്കുന്നു! അടുത്തത് ഒരു പരീശനും ഒരു ചുങ്കക്കാരനും ദേവാലയത്തിൽ പോയി നടത്തിയ പ്രാർത്ഥനയാണ്. പരീശൻ നിന്നുകൊണ്ട് ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ സ്വർഗ്ഗത്തിലേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ പാപിയായ എന്നോട് കരുണയുണ്ടാകണമേ എന്നു പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. സ്വർഗ്ഗത്തിന്റെ കിളിവാതിലുകളെ തുറക്കുവാൻ ഹൃദയത്തിൽ നിന്നുള്ള ഇങ്ങനെയുള്ള പ്രാർത്ഥനകൾക്ക് കഴിയുന്നു. കുറ്റബോധം കൂടാതെയും പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെയുമുള്ള പ്രാർത്ഥനകൾ ഒരിക്കലും ദൈവസന്നിധിയിൽ ചെന്നെത്തുകയില്ല.

പ്രാർത്ഥനയുടെ അതുല്യമനോഹരമായ മറ്റൊരു മധുരാനുഭവം മനുഷ്യഹൃദയങ്ങളെ അത് അവാച്യമായ ആനന്ദവും സമാധാനവും കൊണ്ട് നിറയ്ക്കുന്നു എന്നുള്ളതാണ്. 'നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലതുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്' എന്ന് സങ്കീർത്തനക്കാരൻ ദൈവത്തെ പാടി സ്തുതിച്ചു. കോടിക്കണക്കിന് ഡോളറുകൾക്കുപോലും നൽകാൻ കഴിയാത്ത ലോകോത്തരമായ സന്തോഷവും സമാധാനവും പ്രാർത്ഥന നമുക്ക് പ്രദാനം ചെയ്യുന്നു. വിശ്വവിഖ്യാതകഥാകാരനായ ലിയോ ടോൾസ്റ്റോയി പ്രാർത്ഥനയെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇങ്ങനെയാകുന്നു. 'പ്രാർത്ഥിക്കുന്ന ഓരോ അവസരത്തിലും നിങ്ങളുടെ ഹൃദയത്തിന് പുതിയൊരു ഉത്തേജനവും ജീവിതത്തിന് പുതിയൊരർത്ഥവും കിട്ടുന്നു. ദൈവവും പ്രാർത്ഥനയും ശാശ്വതസത്യമാകുന്നു. ഇന്നല്ലെങ്കിൽ നാളെ അത് നമ്മുടെ രക്ഷയ്ക്ക് അനുപേക്ഷണീയമായിത്തീരും. ഇതിൽ ആർക്കും സംശയം വേണ്ട.

***********